പതിമൂന്നാം കേരള നിയമസഭ

ആറാം സമ്മേളനം

നക്ഷത്രചിഹ്നമിടാത്ത ചോദ്യം നമ്പർ: 2223      18.12.2012 -ലെ മറുപടി

കെ.ടി.ഡി.എഫ്.സി. വായ്പയുടെ വ്യവസ്ഥകൾ

| ചോദ്യം | ഉത്തരം |
|---|---|
| ശ്രീമതി. കെ. എസ്. സലീഖ | ശ്രീ. ആര്യാടൻ മുഹമ്മദ് (ഊർജ്ജവും ഗതാഗതവും വകുപ്പു മന്ത്രി) |

| | | | |
|---|---|---|---|
| (എ) | വായ്പയ്ക്ക് കൂടിയ പലിശ നിരക്ക് ഈടാക്കി കേരള ട്രാൻസ്പോർട്ട് ഡെവലപ്മെന്റ് ഫിനാൻസ് കോർപ്പറേഷൻ (കെ.ടി.ഡി.എഫ്.സി) കെ.എസ്.ആർ.ടി.സി.യെ ചൂഷണം ചെയ്യുന്നകാര്യം സർക്കാരിന്റെ ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; | (എ) | ഇല്ല. സർക്കാർ ഉത്തരവ് പ്രകാരമുള്ള പലിശയാണ് കെ.ടി. ഡി.എഫ്.സി, കെ.എസ്.ആർ. ടി. സി.യിൽ നിന്നും ഈടാക്കുന്നത്. ഇത് പ്രകാരം കെ.റ്റി.ടി.എഫ്.സി. വായ്പയുടെ പലിശ, കെ.റ്റി.ടി. എഫ്.സി.യുടെ കോസ്റ്റ് ഓഫ് ഫണ്ടിന്റെ 0.50% അധികരിച്ചാണ് നിശ്ചയിക്കേണ്ടത്. അതുപ്രകാരമാണ് കെ.എസ്.ആർ.ടി.സി.യ്ക്ക് വായ്പ അനുവദിച്ചത്. |
| (ബി) | ഇത് കൃത്യമായി പരിശോധിക്കുന്നതിൽ വീഴ്ച വരുത്തിയതു കാരണം കഴിഞ്ഞ 2 വർഷം കൊണ്ട് എത്ര കോടിയുടെ നഷ്ടം സംഭവിച്ചുവെന്ന് ഓഡിറ്റ് പരിശോധനയിൽ കണ്ടെത്തി; വിശദമാക്കുമോ; | (ബി) | ഏ.ജി. യുടെ ഓഡിറ്റ് പരിശോധന റിപ്പോർട്ടിൽ കെ.റ്റി.ടി.എഫ്.സി, കെ.എസ്.ആർ.ടി.സി.യിൽ നിന്ന് അധികം പലിശ ഈടാക്കിയ വകയിൽ 120 കോടിയോളം രൂപയുടെ നഷ്ടം സംഭവിച്ചു എന്ന് ഒരു പരാമർശമുണ്ട്. പ്രസ്തുത പരാമർശത്തിലെ ന്യൂനതകൾ ചൂണ്ടിക്കാട്ടി കെ.റ്റി.ടി.എഫ്.സി. ഏ.ജിയ്ക്ക് മറുപടി നല്കിയിട്ടുണ്ട്. എ.ജി.യുടെ ഓഡിറ്റ് പരിശോധനയിൽ ചൂണ്ടിക്കാണിച്ച കാലയളവിൽ കെ.റ്റി.ടി.എഫ്.സി. എഫ്.ഡി. മുഖാന്തിരം ഫണ്ട് മൊബിലൈസ് ചെയ്തത് തന്നെ 9% മുതൽ 10.75% പലിശ നിരക്കിലാണ്. ഇത് കൂടാതെ പ്രസ്തുത കാലയളവിൽ കെ.എസ്.ആർ.ടി.സി.യ്ക്ക് വായ്പ നല്കാൻ വേണ്ടി ബാങ്കിൽ നിന്നും എടുത്ത ക്യാഷ് ക്രെഡിറ്റിന്റെ പലിശ നിരക്ക് 11.25% മുതൽ 15.75% വരെയാണ്. ഇതിനു പുറമെ എഫ്.ഡി യ്ക്ക് 0.75% ഗ്യാരന്റി കമ്മീഷൻ ആയി |

| | | | |
|---|---|---|---|
| | | | സർക്കാരിന് നല്കേണ്ടതുണ്ട്. കൂടാതെ ബ്രോക്കറേജ് ഇനത്തിൽ 0.50% മുതൽ 1.50% വരെ നല്കിയിട്ടുണ്ട്. ഇതിനു പുറമെ ആനുപാതിക ഭരണചെലവു കൂടി കണക്കിലെടുക്കേണ്ടതുണ്ട്. ഇതെല്ലാം കൂടി കണക്കിലെടുത്താണ് കോസ്റ്റ് ഓഫ് ഫണ്ട് നിശ്ചയിക്കുന്നത്. ആയതിനാൽ പ്രസ്തുത പരാമർശത്തിന് അടിസ്ഥാനമില്ല എന്ന് കെ.റ്റി.ടി.എഫ്.സി. എ.ജി. യെ അറിയിച്ചിട്ടുണ്ട്. |
| (സി) | പലിശ ഈടാക്കുന്നതിൽ പ്രസ്തുത രണ്ട് സ്ഥാപനങ്ങൾ തമ്മിലുള്ള വ്യവസ്ഥകൾ എന്തൊക്കെയാണ്; വ്യക്തമാക്കുമോ; | (സി) | വായ്പ അനുവദിച്ച സർക്കാർ ഉത്തരവ് പ്രകാരമാണ് പലിശ ഈടാക്കുന്നത്. കെ.റ്റി.ടി.എഫ്.സി. യുടെ കോസ്റ്റ് ഓഫ് ഫണ്ട്/ബാങ്ക് റേറ്റ്/മറ്റു ചെലവുകൾ എന്നിവ പരിഗണിച്ചാണ് കോസ്റ്റ് ഓഫ് ഫണ്ട് നിശ്ചയിക്കുന്നത്. അതിന്മേൽ 0.50% കൂട്ടിയാണ് വായ്പങ്ങൾക്ക് പലിശ നിരക്കു നിശ്ചയിക്കുന്നത്.. |
| (ഡി) | പ്രസ്തുത വ്യവസ്ഥകൾ ലംഘിച്ച ഉദ്യോഗസ്ഥർക്കെതിരെ എന്തൊക്കെ നടപടികൾ സ്വീകരിക്കുവാൻ ഉദ്ദേശിക്കുന്നുവെന്ന് വ്യക്തമാക്കുമോ; | (ഡി) | പലിശ നിശ്ചയിക്കുന്ന വ്യവസ്ഥകൾ കെ.റ്റി.ടി.എഫ്.സി. യുടെ ഇന്റേർണൽ ഓഡിറ്ററായ വർമ്മ & വർമ്മ എന്ന സി.എ. സ്ഥാപനത്തെ 2009-2010 വർഷം മുതൽ കെ.റ്റി.ടി.എഫ്.സി.യുടെ കോസ്റ്റ് ഓഫ് ഫണ്ട് കണക്കാക്കി റിപ്പോർട്ട് നല്കുവാൻ ആവശ്യപ്പെട്ടിട്ടുണ്ട്. ഈ റിപ്പോർട്ട് കിട്ടിയ ശേഷം ഈ കാര്യത്തിൽ കൂടുതൽ പരിശോധന നടത്തും. എന്തെങ്കിലും നഷ്ടം ഉണ്ടായതായി കണ്ടെത്തുകയാണെങ്കിൽ പ്രസ്തുത നഷ്ടം പരിഹരിക്കുന്നതിന് നടപടി സ്വീകരിക്കുന്നതാണ്. |

<table>
<tr>
<td>(ഇ)</td>
<td>2011-12 സാമ്പത്തിക വർഷം കെ.ടി.ഡി.എഫ്.സി. യിൽ നിന്നും കെ.എസ്.ആർ. ടി.സി. എത്ര തവണ വായ്പ എടുത്തു; എത്ര ശതമാനം പലിശയാണ് ഈടാക്കേണ്ടി യിരുന്നത്; ഈടാക്കിയ പലിശ നിരക്ക് എത്ര ശതമാനം; ആയതുവഴി കെ.എസ്.ആർ.ടി.സി.ക്ക് വന്ന നഷ്ടം എത്ര; വിശദമാക്കുമോ;</td>
<td>(ഇ)</td>
<td>2011-2012 സാമ്പത്തിക വർഷത്തിൽ ചുവടെ ചേർക്കുംവിധം 20 തവണകളായി വായ്പ നല്കിയിട്ടുണ്ട്.
<table>
<tr><th>വായ്പ നമ്പർ</th><th>തുക</th><th>തവണ കൾ</th><th>പലിശ നിരക്ക്</th></tr>
<tr><td>34</td><td rowspan="3">1,06,00,00,000</td><td>7</td><td>74 കോടി - 15%</td></tr>
<tr><td></td><td>2</td><td>16 കോടി - 15.75%</td></tr>
<tr><td></td><td>2</td><td>16 കോടി - 16.25%</td></tr>
<tr><td>35</td><td rowspan="2">1,60,00,00,000</td><td>1</td><td>14 കോടി -16.25%</td></tr>
<tr><td></td><td>7</td><td>146 കോടി -14.50%</td></tr>
<tr><td>36</td><td>25,00,00,000</td><td>1</td><td>25 കോടി -14.50%</td></tr>
</table>
കെ.റ്റി.ടി.എഫ്.സി.യുടെ കോസ്റ്റ് ഓഫ് ഫണ്ട് അനുസരിച്ചാണ് പലിശ ഈടാക്കുന്നത്. കെ.റ്റി.ടി.എഫ്.സി. എടുക്കുന്ന എഫ്.ഡിയ്ക്ക് കൂടിയ പലിശ നല്കുന്നത് കൊണ്ടാണ് ലോണിന്റെ പലിശ നിരക്ക് കൂടുന്നത്. എന്നിരുന്നാലും ഇന്റേണൽ ഓഡിറ്റ് പരിശോധനയിൽ എന്തെങ്കിലും നഷ്ടം ഉണ്ടായതായി കണ്ടെത്തുകയാണെങ്കിൽ കെ.എസ്.ആർ.ടി.സി.യുടെ പ്രസ്തുത നഷ്ടം പരിഹരിക്കുന്നതിന് നടപടി സ്വീകരിക്കാവുന്നതാണ്.</td>
</tr>
<tr>
<td>(എഫ്)</td>
<td>നടപ്പുസാമ്പത്തിക വർഷം നവംബർ 30 വരെ എന്ത് തുക കെ.ടി.ഡി.എഫ്.സി. യിൽ നിന്നും കെ.എസ്. ആർ.ടി.സി. വായ്പ എടുത്തുവെന്നും ആയതിന് ഈടാക്കിയ പലിശ നിരക്ക് എത്രയെന്നും ആയത് വഴി നഷ്ടം എത്രയെന്നും വ്യക്തമാ ക്കുമോ;</td>
<td>(എഫ്)</td>
<td>2012-2013 സാമ്പത്തിക വർഷത്തിൽ നവംബർ 30 വരെ കെ.എസ്.ആർ.ടി.സി. യ്ക്ക് 340 കോടി രൂപ 14.50% പലിശ നിരക്കിൽ നല്കിയിട്ടുണ്ട്.</td>
</tr>
<tr>
<td>(ജി)</td>
<td>പ്രതിദിനം എത്ര കോടി യുടെ അധികബാദ്ധ്യത യാണ് കെ.എസ്.ആർ.ടി. സിയ്ക്ക് നിലവിൽ ഉണ്ടായി രിക്കുന്നത്; വിശദമാക്കു മോ?</td>
<td>(ജി)</td>
<td>(ഡി) പിരിവിലെ ഉത്തരത്തിൽ വിശദീകരിച്ച പ്രകാരമുള്ള പരിശോധനയ്ക്കു ശേഷം മാത്രമേ ഇക്കാര്യം കണ്ടെത്തുവാൻ കഴിയുകയുള്ളൂ.</td>
</tr>
</table>

Geethakumari (signature)
സെക്ഷൻ ഓഫീസർ